14442
14/10/19

File No.DMA2/631/2018-DMD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ദുരന്ത നിവാരണ വകുപ്പ് - 2018-ലെ പ്രളയക്കെടുതിയിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് നൽകിയ ആനുകൂല്യങ്ങൾ കാണാതായവരുടെ ആശ്രിതർക്ക് കൂടി ലഭ്യമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദുരന്ത നിവാരണ(എ) വകുപ്പ്

സ.ഉ.(കൈ) നം.31/2019/DMD    തീയതി,തിരുവനന്തപുരം, 11/10/2019

പരാമർശം:- 1 ശ്രീ അബ്ദുൾ ഗഫൂർ ബഹ മുഖ്യമന്ത്രിക്ക് 04.10.2018ൽ സമർപ്പിച്ച നിവേദനം

2 ഇടുക്കി ജില്ല കലക്ടറുടെ 14.11.2018ലെ DCIDK/4883/2018-DM1 നം കത്ത്

3 മലപ്പുറം ജില്ല കലക്ടറുടെ 24.11.2018ലെ ഡി.എം 1-5374/2018 നം കത്ത്

4 സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 24.09.2019 ലെ യോഗ തീരുമാനം.

<u>ഉത്തരവ്</u>

2018-ലെ മഹാപ്രളയ സമയത്തു വെള്ളപൊക്കത്തിൽ കാണാതായ 12 വയസ്സ മാത്രം പ്രായമായ മുഹമ്മദ് സിനാൻ. സി.പി, സദക്കായി പറമ്പിൽ വീട് , അറ്റത്തങ്ങാടി , ചെറമംഗലം സൗത്ത് , നെടുവ - പോസ്റ്റ് , പരപ്പനങ്ങാടി , മലപ്പുറം എന്ന ബാലനെ നാളിതു വരെ കണ്ടെത്താനായില്ലെന്നും ആയതിനാൽ തന്റെ മകൻ മരിച്ചെന്നു കണക്കാക്കി അടിയന്തര ധനസഹായം നൽകണമെന്ന ശ്രീ അബ്ദു ഗഫൂർ പരാമർശം(1) പ്രകാരം അപേക്ഷിച്ചിരുന്നു. മുഹമ്മദ് സിനാൻ.സി.പി എന്ന 12 വയസ്സ് പ്രായമായ ബാലനെ പ്രളയസമയത്ത് വെള്ളപ്പൊക്കത്തിൽ കാണാതായിയെന്നും സർക്കാരിന്റെ വിവിധ സംവിധാനങ്ങളായ നേവി, ഫയർഫോഴ്സ്, പോലീസ് തുടങ്ങിയവരും നാട്ടുകാരും ദിവസങ്ങളോളം തിരച്ചിൽ നടത്തിയെങ്കിലും മൃതശരീരം കണ്ടെത്താനായില്ലായെന്നും ആയതിനാൽ ടിയാന്റെ കുടുംബത്തിന് അർഹമായ ധനസഹായം നല്കാൻ കളക്ടർ പരാമർശം(2) പ്രകാരം ശുപാർശ ചെയ്തിരുന്നു.

ഇടുക്കി ജില്ലയിൽ 2018ലെ പ്രളയ സമയത്ത് പ്രകൃതി ദുരന്തത്തിൽ ചുവടെ ചേർക്കുന്ന 7 പേരെ കാണാതായിയെന്നും ഇപ്രകാരം കാണാതായ വ്യക്തികളുടെ കുടുംബത്തിനു ധനസഹായം നല്കണമെന്ന് ഇടുക്കി കളക്ടർ പരാമർശം(3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

| ക്രമ നം . | മേൽവിലാസം |
|---|---|
| 1 | ആന്റണി, വയസ്സ് 62, കടപ്ലാക്കൽ , അസംകല , പള്ളപാറപുതുവൽ , വാഗമൺ വില്ലേജ് , പീരുമേട് |

| | |
|---|---|
| 2 | രാജൻ, വയസ്സ് 55, കരിക്കാലം , രാജപുരം , വാത്തിക്കുടി വില്ലേജ് , ഇടുക്കി താലൂക്ക് |
| 3 | മണികണ്ഠൻ, വയസ്സ് 30, പെരിയവാര ഫാക്ടറി ഡിവിഷൻ , മൂന്നാർ |
| 4 | മുഹമ്മദ്, വയസ്സ് 44, പുലിക്കകുടിയിൽ പൊൻമുടി പി . ഒ എസ് . വളവ് , കൊന്നത്തടി വില്ലേജ് , ഇടുക്കി |
| 5 | അസിമ്മ മുഹമ്മദ് , വയസ്സ് 40, പുലിക്കകുടിയിൽ പൊൻമുടി പി . ഒ എസ് . വളവ് , കൊന്നത്തടി വില്ലേജ് , ഇടുക്കി |
| 6 | മുഷ്താൽ മുഹമ്മദ്, വയസ്സ് 17, പുലിക്കകുടിയിൽ പൊൻമുടി പി . ഒ എസ് . വളവ് , കൊന്നത്തടി വില്ലേജ് , ഇടുക്കി |
| 7 | രാജമ്മ മാത്യൂ , വയസ്സ് 56, അയ്യപ്പൻ കുന്നേൽ , ഉപ്പുതോട് പി . ഒ ., ഉപ്പുതോട് വില്ലേജ് , ഇടുക്കി താലൂക്ക് |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പരാമർശം(4)-ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിലവിലെ വ്യവസ്ഥകളിൽ ഇളവ് വരുത്തി പ്രത്യേക കേസായി പരിഗണിച്ച് മലപ്പുറം , ഇടുക്കി ജില്ലകളിൽ 2018ലെ പ്രളയസമയത്ത് മരണപ്പെട്ടവരുടെ ആശ്രിതർക്ക് നൽകിയ ആനുകൂല്യങ്ങൾ , കാണാതായവരുടെ ആശ്രിതർക്ക് കൂടി നൽകുന്നതിന് ഇതിനാൽ ഉത്തരവാകുന്നു. കാണാതായവരുടെ ആശ്രിതർ അപേക്ഷ ലഭ്യമാക്കുന്ന മുറയ്ക്ക്, ആയതിന്മേൽ അന്വേഷണം നടത്തി അർഹത ഉറപ്പ് വരുത്തി, സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരമുള്ള ആശ്വാസ ധനസഹായം നൽകുന്നതിനുള്ള നടപടികൾ ഇടുക്കി, മലപ്പുറം ജില്ലാകളക്ടർമാർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വേണു.വി
**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

ജില്ലാ കളക്ടർ, മലപ്പുറം, ഇടുക്കി, .

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

File No.DMA2/631/2018-DMD

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്

ധനകാര്യ വകുപ്പ്

പൊതുജന സമ്പർക്ക വകുപ്പ് (Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് :-

റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്

റവന്യൂവും ദുരന്ത നിവാരണവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്

റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്

ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്

ഡി.എം. (എ4) സീറ്റിന്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ